**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 241** **22-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി വടകര സബ്ഡിവിഷൻ ഓഫീസ് മാറ്റാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി - യിൽ റീ സ്ട്രക്ച്ചറിങ്ങ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു കൊണ്ട് ബോർഡിനുണ്ടാകുന്ന ലാഭനഷ്ടങ്ങളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ; | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റീസ്ട്രക്ചറിംഗ് സംബന്ധിച്ചുള്ള കരട് നിർദ്ദേശങ്ങൾ വിശദമായ ചർച്ചകൾക്കും അഭിപ്രായ രൂപീകരണത്തിനുമായി കെ.എസ്.ഇ.ബി ലിമിറ്റഡിലെ രജിസ്റ്റേർഡ് തൊഴിലാളി യൂണിയനുകൾക്കും ഓഫീസർമാരുടെ അസോസിയേഷനുകൾക്കും നൽകിയിട്ടുണ്ട്. വിവിധ തലത്തിലുള്ള ചർച്ചകൾക്കുശേഷം പ്രസ്തുത നിർദ്ദേശങ്ങളുടെ അന്തിമരൂപീകരണമാകുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ അംഗീകാരത്തിന് വിധേയമായി ആയത് സംബന്ധിച്ച ലാഭനഷ്ടങ്ങളും മറ്റ് വിശദാംശങ്ങളും വിലയിരുത്തുന്നതിലേക്കായി ലഭ്യമാക്കുന്നതാണ്. |
| (ബി) | ഇത് വൈദ്യുത വിതരണ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന റിപ്പോർട്ടുകൾ സർക്കാർ പരിശോധിക്കുകയുണ്ടായോ; | (ബി) | പ്രസ്തുത റിപ്പോർട്ട് ചർച്ചകൾക്ക് ശേഷം അന്തിമ രൂപമാകുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ അംഗീകാരത്തിന് വിധേയമായി സർക്കാരിൽ ലഭ്യമായതിനു ശേഷം റീസ്ട്രക്ച്ചറിംഗുമായി ബന്ധപ്പെട്ട വൈദ്യുത മേഖലയെ ബാധിക്കുവാൻ സാദ്ധ്യതയുള്ള വിവിധ വിഷയങ്ങളും റിപ്പോർട്ടുകളും സർക്കാർ പരിശോധിക്കുന്നതാണ്. |
| (സി) | വടകരയിലെ വൈദ്യുതി ഭവനിൽ പ്രവർത്തിക്കുന്ന ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസ് ബാലുശ്ശേരിയിലേക്ക് മാറ്റുന്നതിന് ബോർഡ് തീരുമാനിക്കുകയുണ്ടായോ; എങ്കിൽ ഈ തീരുമാനത്തിനു പിന്നിലെ കാരണങ്ങളെന്തൊക്കെയാണെന്നറിയിക്കുമോ; | (സി) | വടകരയിൽ പ്രവർത്തിക്കുന്ന ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസ് ബാലുശ്ശേരിയിലേയ്ക്ക് മാറ്റുന്നകാര്യം തീരുമാനിച്ചിട്ടില്ല. ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ പരിഗണിച്ചും, ഭരണ സൗകര്യം കണക്കിലെടുത്തുമാണ് വിവിധ ഓഫീസുകളുടെ ആസ്ഥാനം നിശ്ചയിക്കുന്നത്. വടകര ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസിന്റെ കാര്യത്തിലും മേൽ പരിഗണനകൾക്ക് വിധേയമായിട്ടായിരിക്കും തീരുമാനം എടുക്കുക. |

| | | | |
|---|---|---|---|
| (ഡി) | വടകരയിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടായിരിക്കെ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത ബാലുശ്ശേരിയിലേക്ക് ഈ ഓഫീസ് മാറ്റുന്നതിലൂടെ ബോർഡിന് അധിക ബാധ്യതയുണ്ടാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ; | (ഡി) | വടകരയിൽ പ്രവർത്തിക്കുന്ന ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസ് ബാലുശ്ശേരിയിലേയ്ക്ക് മാറ്റുന്നകാര്യം തീരുമാനിച്ചിട്ടില്ല. ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ പരിഗണിച്ചും, ഭരണ സൗകര്യം കണക്കിലെടുത്തുമാണ് വിവിധ ഓഫീസുകളുടെ ആസ്ഥാനം നിശ്ചയിക്കുന്നത്. വടകര ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസിന്റെ കാര്യത്തിലും മേൽ പരിഗണനകൾക്ക് വിധേയമായിട്ടായിരിക്കും തീരുമാനം എടുക്കുക. |
| (ഇ) | 220 കെ.വി. സബ്സ്റ്റേഷനു സമീപപ്രദേശത്തായി സബ്ഡിവിഷൻ ഓഫീസ് സ്ഥാപിക്കുന്നതാണോ ബോർഡിലെ നിലവിലെ കിഴ് വഴക്കമെന്ന് അറിയിക്കാമോ; | (ഇ) | വടകരയിൽ പ്രവർത്തിക്കുന്ന ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസ് ബാലുശ്ശേരിയിലേയ്ക്ക് മാറ്റുന്നകാര്യം തീരുമാനിച്ചിട്ടില്ല. ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ പരിഗണിച്ചും, ഭരണ സൗകര്യം കണക്കിലെടുത്തുമാണ് വിവിധ ഓഫീസുകളുടെ ആസ്ഥാനം നിശ്ചയിക്കുന്നത്. വടകര ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസിന്റെ കാര്യത്തിലും മേൽ പരിഗണനകൾക്ക് വിധേയമായിട്ടായിരിക്കും തീരുമാനം എടുക്കുക. |
| (എഫ്) | ഓഫീസ് ബാലുശേരിയിലേക്ക് മാറ്റുന്നതോടെ ഓർക്കാട്ടേരി, കുറ്റ്യാടി, നാദാപുരം, വടകര തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഡിവിഷനിൽ നിന്നും വളരെയധികം ദൂരത്തേക്ക് മാറ്റപ്പെടുന്ന അവസ്ഥയുണ്ടാകുന്നതുമൂലം ഭരണപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ; | (എഫ്) | വടകരയിൽ പ്രവർത്തിക്കുന്ന ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസ് ബാലുശ്ശേരിയിലേയ്ക്ക് മാറ്റുന്നകാര്യം തീരുമാനിച്ചിട്ടില്ല. ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ പരിഗണിച്ചും, ഭരണ സൗകര്യം കണക്കിലെടുത്തുമാണ് വിവിധ ഓഫീസുകളുടെ ആസ്ഥാനം നിശ്ചയിക്കുന്നത്. വടകര ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസിന്റെ കാര്യത്തിലും മേൽ പരിഗണനകൾക്ക് വിധേയമായിട്ടായിരിക്കും തീരുമാനം എടുക്കുക. |
| (ജി) | എങ്കിൽ ഈ ഓഫീസ് വടകരയിൽ നിന്നു മാറ്റുന്നതിനായി ബോർഡിലെ ജീവനക്കാരും ജനപ്രതിനിധികളുമറിയാതെ ഏതാനും ചില ഉന്നതതല ഉദ്യോഗസ്ഥർ മാത്രം ചേർന്ന് നടത്തുന്ന നീക്കം പുനപരിശോധിക്കുന്നതിന് സർക്കാർ തയ്യാറാകുമോ? | (ജി) | വടകരയിൽ പ്രവർത്തിക്കുന്ന ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസ് ബാലുശ്ശേരിയിലേയ്ക്ക് മാറ്റുന്നകാര്യം തീരുമാനിച്ചിട്ടില്ല. ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ പരിഗണിച്ചും, ഭരണ സൗകര്യം കണക്കിലെടുത്തുമാണ് വിവിധ ഓഫീസുകളുടെ ആസ്ഥാനം നിശ്ചയിക്കുന്നത്. വടകര ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസിന്റെ കാര്യത്തിലും മേൽ പരിഗണനകൾക്ക് വിധേയമായിട്ടായിരിക്കും തീരുമാനം എടുക്കുക. |

സെക്ഷൻ ഓഫീസർ